**പതിനാലാം കേരള നിയമസഭ**
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3887

21.06.2019-ലെ മറുപടിയ്ക്ക്

## വിദ്യാർത്ഥികൾക്കായി കായിക പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഭാവിയിലെ കായികനേട്ടം ലക്ഷ്യംവച്ച് സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളുടെ സഹായത്തോടു കൂടി കായികപരിശീലനം നൽകുന്നതിന് പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) & (ബി) | ഭാവിയിലെ കായികനേട്ടം ലക്ഷ്യം വച്ച് കായിക പരിശീലനം നൽകുന്നതിന് ചുവടെ പറയുന്ന പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br>**<u>1) പ്ലേ ഫോർ ഹെൽത്ത്</u>**<br>1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായിക ക്ഷമത ഉറപ്പു വരുത്തുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. പ്രൈമറി തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിയ്ക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു.<br>**<u>2) ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)</u>**<br>നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി |
| (ബി) | കായികലോകത്തിന് ഒട്ടേറെ നേട്ടങ്ങൾ ലക്ഷ്യംവച്ച് വിദ്യാർത്ഥികൾക്കായി കൂടുതൽ സമഗ്രവും ലോകനിലവാരത്തിലുള്ളതുമായ കായിക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | | |

ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

**3) സ്പ്ലാഷ്**

12 വയസ്സു മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന പദ്ധതിയാണ് സ്പ്ലാഷ്. പരിശീലന സമയത്ത് നീന്തലിൽ പ്രതിഭ തെളിയിക്കുന്ന കുട്ടികൾക്ക് ദേശീയ/അന്തർദേശീയ തലത്തിലുള്ള താരങ്ങളാക്കുന്നതിനുള്ള പരിശീലനം നൽകി അവരെ ഉയർന്ന നിലവാരത്തിലുള്ള നീന്തൽ താരങ്ങളാക്കുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതിയാണ്. ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട്, ഇടുക്കി, തൃശ്ശൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ നീന്തൽ കായികയിനത്തിൽ സ്കൂൾ കുട്ടികൾക്ക് സമ്മർ ക്യാമ്പ് നടത്തി വരുന്നുണ്ട്.

**4) എയ്സ്**

വളരെ ചെറിയ പ്രായത്തിൽ തന്നെ കേരളത്തിലെ എല്ലാ മേഖലകളിൽ നിന്നുമുള്ള മിടുക്കരായ ടെന്നീസ് കളിക്കാരെ കണ്ടെത്തി ഉന്നത നിലവാരത്തിലുള്ള പരിശീലനം നൽകി അവരെ ലോകോത്തര ടെന്നീസ് താരങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതിയാണ് എയ്സ്.

**5) കളിത്തട്ട്**

കേരളത്തിന്റെ തനത് കായിക വിനോദങ്ങൾ നിലനിർത്തുന്നതിനും പുതിയ തലമുറയ്ക്ക് കൈമാറി അത് കൂടുതൽ പ്രചരിപ്പിക്കുന്നതിനും വേണ്ടി കായിക യുവജനകാര്യാലയവും യുവജനക്ഷേമ ബോർഡും സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് കളിത്തട്ട്.

കായിക നേട്ടം ലക്ഷ്യം വച്ച് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ജില്ലാ സ്പോർട്സ് അക്കാഡമി എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. വിവിധി കായികയിനങ്ങളിൽ പ്രാഗത്ഭ്യമുള്ള പരിശീലകരുടെ കീഴിൽ

| | | | |
|---|---|---|---|
| | | | കുട്ടികൾക്ക് കായിക പരിശീലനം നൽകി വരുന്നുണ്ട്.<br>2018 വർഷം മുതൽ സ്കൂൾ ഗെയിംസിൽ പുതുതായി ഉൾപ്പെടുത്തിയ 18 ഇനം ഗെയിമുകളിൽ ഓരോ ഗെയിംമിനും ഒരു ജില്ലയിൽ നിന്നും മൂന്ന് കായിക അദ്ധ്യാപകർക്ക് വീതം പരിശീലനം നൽകി വരുന്നുണ്ട്. പ്രീമിയർ ലീഗും ബ്രിട്ടീഷ് കൗൺസിലുമായി ചേർന്ന് സംസ്ഥാനത്തിലെ സ്കൂളുകളിലെ കായിക അദ്ധ്യാപകർക്ക് ഫുട്ബോളിൽ ആധുനിക രീതിയിലുള്ള പരിശീലനം നൽകുന്ന 'പ്രീമിയർ സ്കിൽസ്'' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| (സി) | സ്കൂൾമേളകളിൽ കായികമികവ് തെളിയിക്കുന്ന വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള പരിശീലനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | രാജ്യാന്തര നിലവാരമുള്ള കായിക താരങ്ങളെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ എലൈറ്റ് സ്കീമും ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>2020,2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോട്ടു കൂടി വിദഗ്ധ പരിശീലനം ലഭ്യമാക്കിക്കൊണ്ട് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതി കൂടിയാണ് ഇത്.<br>മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ബാസ്കറ്റ്ബോൾ എന്നീ കായിക ഇനങ്ങളിൽ ചുവടെ പറയുന്ന എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം |

| | | | |
|---|---|---|---|
| | | | എൽ.എൻ.സി.പി.ഇ-യിൽ അത് ലറ്റിക്സ് പരിശീലന കേന്ദ്രം, തൃശ്ശൂർ ജില്ലയിൽ തൃപ്രയാർ വോളീബോൾ അക്കാഡമി, കണ്ണൂർ ജില്ലയിൽ ബാസ്കറ്റ്ബോൾ അക്കാഡമി എന്നിവ.<br>തിരുവനന്തപുരത്തെ വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച് കേന്ദ്രീകരിച്ച് രാജ്യാന്തര നിലവാരമുള്ള ഷൂട്ടിംഗ് അക്കാഡമി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നാഷണൽ റൈഫിൾ അസോസിയേഷനുമായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>നിലവിൽ വയനാട് പ്രവർത്തിക്കുന്ന ആർച്ചറി അക്കാഡമി വിപുലീകരിച്ച് ആദിവാസി മേഖലയിലുൾപ്പെടെയുള്ള കായികതാരങ്ങളെ ദേശീയ-അന്തർദേശീയ നിലവാരത്തിലുള്ള പ്രകടനങ്ങൾക്കായി പ്രാപ്തരാക്കുന്നതിനുള്ള പദ്ധതി പുരോഗമിക്കുന്നു. |

**സെക്ഷൻ ഓഫീസർ**